LIBRARY ARCHIVES Kerala Legislative Assembly

മങ്കട മണ്ഡലത്തിലെ അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

24 [1708] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി മിനിമം ഗ്യാരണ്ടി ഒപ്പുവച്ച എത്ര അപേക്ഷകർ ഉണ്ട്;

(ബി) ഏത് തീയതി വരെയുള്ള അപേക്ഷകൾക്കാണ് വൈദ്യുതി കണക്ഷൻ നൽകിയിട്ടുള്ളത്;

(സി) വൈദ്യുതി കണക്ഷൻ നൽകുന്നതിന് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) മങ്കട മണ്ഡലത്തിലെ അപേക്ഷകർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന് മിനിമം ഗ്യാരണ്ടി എഗ്രിമെന്റുകൾ പ്രകാരം 151 അപേക്ഷകർക്ക് കണക്ഷൻ നൽകാനുണ്ട്.

(ബി) 31-3-1997 വരെ.

(സി) വർഷം തോറും ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം എല്ലാ അപേക്ഷകർക്കും വൈദ്യുതി ലഭ്യമാക്കുന്നതിന് തികയാതെ വരുന്നതിനാലാണ് കാലതാമസമുണ്ടാകുന്നത്.

(ഡി) സംസ്ഥാനാടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതത്തിനനുസരിച്ച് നിശ്ചയിക്കപ്പെടുന്ന കാലപരിധിക്കനുസരിച്ച് കണക്ഷനുകൾ നൽകുന്നതാണ്.

മഞ്ചേരിയിലെ വൈദ്യുതി ഭവൻ

25 [1709] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ വൈദ്യുതി ബോർഡിന്റെ ഏതെല്ലാം ഓഫീസുകളാണ് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കാമോ;